Kerala Homestay and Tourism Society
Reg No: ER 99/08

ബഹു: വൈദ്യുതി മന്ത്രി എ.കെ. ബാലൻ അവർകൾക്ക്
കേരള ഹോംസ്റ്റേ ആന്റ് ടൂറിസം സൊസൈറ്റി (കേരളഹാറ്റ്സ്) സമർപ്പിക്കുന്ന നിവേദനം

വിഷയം : ഹോംസ്റ്റേകളുടെ വൈദ്യുതി താരീഫ് ഉയർത്തിയത് സംബന്ധിച്ച്

സർ,
സംസ്ഥാനത്തെ ടൂറിസം മേഖലയിലെ അവിഭാജ്യ ഘടകമായ ഹോംസ്റ്റേകളിലെ വൈദ്യുതി താരീഫ് കുത്തനേ ഉയർത്തിയിരിക്കുകയാണ്. വീടുകളിൽ തന്നെ പ്രവർത്തിച്ചു വരുന്ന ഹോംസ്റ്റേകൾക്ക് നിലവിൽ ഗാർഹിക ഉപഭോക്താക്കൾക്കുള്ള വൈദ്യുതി നിരക്കായിരുന്നു. യാതൊരു മുന്നറിയിപ്പുമില്ലാതെ കടകൾക്കും വാണിജ്യ സ്ഥാപനങ്ങൾക്കും ബാധകമായിട്ടുള്ള 'ഏഴ് ഏ' താരീഫ് ഇപ്പോൾ ഹോംസ്റ്റേകൾക്ക് ഏർപ്പെടുത്തിയിരിക്കുകയാണ്. ഇതുമൂലം ഒരു യൂണിറ്റിന് മൂന്നു രൂപ മുതൽ ഏഴു രൂപ വരെ അധികം നൽകേണ്ടി വരുന്നു.
സഞ്ചാരികൾക്ക് കുറഞ്ഞ ചിലവിൽ താമസത്തോടൊപ്പം സംരംഭകർക്ക് ചെറുവരുമാനവും എന്നതാണ് ഹോംസ്റ്റേയുടെ സങ്കൽപ്പം.
വർഷത്തിൽ മൂന്നു നാലു മാസം നീളുന്ന ടൂറിസം സീസണിൽ മാത്രമാണ് ഹോംസ്റ്റേകളുടെ പ്രവർത്തനം. നിരക്ക് വർദ്ധന മൂലം വീട്ടിൽ ഉപയോഗിക്കുന്ന മുഴുവൻ വൈദ്യുതിക്കും അധിക ചാർജ് നൽകേണ്ടി വരികയാണ്. ഹോംസ്റ്റേ മുറികൾക്ക് പ്രത്യേകം മീറ്റർ സ്ഥാപിക്കുക പ്രായോഗികമല്ല. ഹോംസ്റ്റേ സംരംഭകരിൽ ബഹുഭൂരിപക്ഷം സാധാരണക്കാരും മറ്റ് വരുമാന മാർഗ്ഗമില്ലാത്തവരുമാണ്. നിരക്ക് വർദ്ധന ഇവരെ പ്രതിസന്ധിയിലാക്കിയിരിക്കുന്നു.
ടൂറിസം വകുപ്പിന്റെ സാമ്പത്തിക സഹായമോ സബ്സിഡിയോ ഇല്ല. പരാതികൾക്ക് ഇടനൽകാത്ത വിധം മാതൃക പരമായ പ്രവർത്തനമാണ് ഹോംസ്റ്റേകൾ നടത്തി വരുന്നത്. വിവിധ ടൂറിസം കേന്ദ്രങ്ങളിലെ എണ്ണൂറോളം ഹോംസ്റ്റേകൾ സംരംഭകരുടെ ഉപജീവന മാർഗ്ഗം കൂടിയാണ്.

സാധാരണക്കാരായ സംരംഭകർക്ക് താങ്ങാൻ കഴിയാത്ത 'ഏഴ് ഏ' വൈദ്യുതി താരീഫ് നിരക്ക് ഒഴിവാക്കി ഹോംസ്റ്റേകളെ ഗാർഹിക ഉപഭോക്താക്കളുടെ പട്ടികയിൽ നിലനിർത്തണമെന്നും ഹോംസ്റ്റേ പ്രസ്ഥാനങ്ങളെ സഹായിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ

പ്രൊഫ. കെ.വി. തോമസ് എം.എൽ.എ
ചെയർമാൻ, കേരള ഹാറ്റ്സ്

കോപ്പി
1. ആഭ്യന്തര - ടൂറിസം മന്ത്രി
2. സെക്രട്ടറി , വൈദ്യുതി വകുപ്പ്
3. സെക്രട്ടറി , ടൂറിസം വകുപ്പ്
4. കെ. എസ്. ഇ. ബി. ചെയർമാൻ

എറണാകുളം
07/04/08

Chairman - Prof. K V Thomas MLA - 9847077150 | Vice President - Jagadish Kumar - 9846044211
Director - M P Sivadathan - 9349253124 | Technical Expert - Dr. K Muraleedhara Menon - 9387812067

Avittom, 16/239 C, Main Road, Tripunithura - 682 301, Ernakulam, Kerala. Email: keralahats@gmail.com